**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1402** **30-08-2022 - ൽ മറുപടിയ്ക്ക്**

**ഖാദർ കമ്മിറ്റി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ . ഷംസുദ്ദീൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഖാദർ കമ്മിറ്റിയെ എന്നാണ് നിയമിച്ചത്; കമ്മിറ്റിയിലെ അംഗങ്ങൾ ആരെല്ലാമാണ് ; കമ്മിറ്റിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശം നൽകുമോ; | (എ) | 19/10/2017-ലെ സ.ഉ.(സാധാ) നം.3779/2017/പൊവിവ പ്രകാരമാണ് ഖാദർ കമ്മിറ്റി രൂപീകരിച്ചത്. താഴെപ്പറയുന്ന മൂന്ന് പേരാണ് സമിതിയിലെ അംഗങ്ങൾ.<br><br>1. ഡോ: എം.എ.ഖാദർ (എസ്.സി.ഇ.ആർ.റ്റി. മുൻ ഡയറക്ടർ)<br><br>2. ശ്രീ.ജ്യോതി ചൂഡൻ (റിട്ട. സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്)<br><br>3. ഡോ: സി.രാമകൃഷ്ണൻ, (വിദ്യാഭ്യാസ വിദഗ്ധൻ പാലാട്ട് ഹൗസ്, പീലിക്കോട് പി.ഒ., കാസർഗോഡ്)<br><br>സമിതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br><br>• 2009 വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പാക്കുന്നത് സംബന്ധിച്ച് ഘടനാപരവും അക്കാദമികപരവുമായ എല്ലാ വശങ്ങളും പഠിച്ച് നിർദ്ദേശങ്ങൾ രൂപീകരിക്കൽ.<br>• ഇതനുസരിച്ച് നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വന്ന നോട്ടിഫിക്കേഷനിൽ കൂടുതൽ വ്യക്തത വരുത്തേണ്ട ഭാഗങ്ങൾ ഉണ്ടെങ്കിൽ അത് പരിശോധിച്ച് നിർദ്ദേശങ്ങൾ രൂപീകരിക്കൽ.<br>• 2009 വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് കേരള വിദ്യാഭ്യാസ നിയമങ്ങളിലും ചട്ടങ്ങളിലും വരുത്തേണ്ട ഭേദഗതികൾ പരിശോധിച്ച് നിർദ്ദേശങ്ങൾ രൂപീകരിക്കുക. |
| (ബി) | ഖാദർ കമ്മിറ്റിക്ക് കാലാവധി നിശ്ചയിച്ചിട്ടുണ്ടോ; കാലാവധി കഴിഞ്ഞതിന് ശേഷം വീണ്ടും നീട്ടി നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദവിവരം നൽകുമോ; | (ബി) | ഖാദർ കമ്മിറ്റി രൂപീകരിച്ചുകൊണ്ടുള്ള 19/10/2017-ലെ ഉത്തരവിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിന് കമ്മിറ്റിക്ക് 3 മാസമാണ് സമയം അനുവദിച്ചിരുന്നത്. എന്നാൽ കമ്മിറ്റിയുടെ കാലയളവ് വിവിധ കാരണങ്ങളാൽ താഴെപ്പട്ടികയിൽ പറയും പ്രകാരം 9 തവണ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. |

| ക്രമ നം. | സർക്കാർ ഉത്തരവ് | ദീർഘിപ്പിച്ച് നൽകിയ കാലയളവ് |
|---|---|---|
| 1. | 03/03/2018-ലെ സ.ഉ(സാധാ)നം. 941/2018/പൊവിവ | 6 മാസം |
| 2. | 08/03/2018-ലെ സ.ഉ.(സാധാ)നം. 923/2019/പൊവിവ | 2019 ആഗസ്റ്റ് 31 വരെ |
| 3. | 09/12/2019-ലെ സ.ഉ.(സാധാ)നം. 5389/2019/പൊവിവ | 2019 ഡിസംബർ 31 വരെ |
| 4. | 29/11/2020-ലെ സ.ഉ.(സാധാ)നം. 3182/2020/പൊവിവ | 2020 ഡിസംബർ 31 വരെ |
| 5. | 22/02/2021-ലെ സ.ഉ.(സാധാ)നം. 1838/2021/പൊവിവ | 2021 ജൂൺ 30 വരെ |
| 6. | 14/09/2021-ലെ സ.ഉ.(സാധാ)നം. 4057/2021/പൊവിവ | 2021 ഒക്ടോബർ 31 വരെ |
| 7. | 02/12/2021-ലെ സ.ഉ.(സാധാ)നം. 5594/2021/പൊവിവ | 2022 ജനുവരി 31 വരെ |
| 8. | 17/02/2022-ലെ സ.ഉ.(സാധ)നം. 900/2022/പൊവിവ | 2022 ഏപ്രിൽ 30 വരെ |
| 9. | 21/07/2022-ലെ സ.ഉ.(സാധാ)നം. 4275/2022/പൊവിവ | 2022 സെപ്റ്റംബർ 30 വരെ |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത കമ്മിറ്റിക്ക് നാളിതുവരെ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) | ഖാദർ കമ്മിറ്റിയുടെ പ്രവർത്തനത്തിന് നാളിതുവരെ 12,87,692/- രൂപയാണ് ചെലവഴിച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ